**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3640** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഇക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോരച്ചന്തകൾ, ഗ്രാമച്ചന്തകൾ, പ്രീമിയം ഔട്ട് ലെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന 1924 മാർക്കറ്റുകളുടെ വിപുലമായ ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപ്പാദന കേന്ദ്രങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, ഉൽപ്പന്നങ്ങൾ ദുർലഭമായ നഗര കേന്ദ്രങ്ങൾ ഉൾപ്പടെയുള്ള പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 295 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്നത്. കൂടാതെ, പഴം-പച്ചക്കറികളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ഉപഭോക്താവിലേയ്ക്ക് എത്തിക്കുന്നതിന് 'സസ്യ' എന്ന പേരിൽ 47 ഉം, തളിർ ഗ്രീൻ എന്ന പേരിൽ 63 ഉം ചില്ലറ വിൽപ്പനശാലകളും, 2 തളിർ പ്രീമിയം ഔട്ട് ലെറ്റുകളും വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സ്വാശ്രയ കർഷക സമിതികളിൽ നിന്നും ന്യായ വിലയ്ക്ക് സംഭരിക്കുന്ന പഴം-പച്ചക്കറികൾ ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ ഉപഭോക്താക്കൾക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിന് ഇവ സഹായിക്കുന്നു. എറണാകുളം ജില്ലയിൽ കാക്കനാട് പഴം പച്ചക്കറി ബ്രാൻഡഡ് സൂപ്പർ മാർക്കറ്റ് പ്രവർത്തനക്ഷമമാകുന്നതാണ്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. വി.എഫ്.പി.സി.കെ മുഖേന വിപണികളുടെ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വാശ്രയ കർഷക സമിതികളുടെ അടിസ്ഥാന സൗകര്യ വികസനം, ആധുനികവൽക്കരണം, വിപണി ഓഡിറ്റിങ്, കമ്പ്യൂട്ടറൈസേഷൻ, സ്വാശ്രയ കർഷക സമിതികൾ മുഖേന വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സെയിൽസ് പ്രമോഷൻ ഇൻസെന്റീവ്, മൂല്യവർദ്ധന യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതി സഹായങ്ങൾ നൽകി വരുന്നു.<br><br>പഴം പച്ചക്കറികളുടെ സംഭരണ വിതരണ രംഗത്ത് ഉൽപ്പാദകരെയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന ഉപഭോക്താക്കളേയും ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 78 സ്വന്തം സ്റ്റാളുകളും 192 ലൈസൻസി സ്റ്റോറുകളും ഉണ്ട്. കൂടാതെ കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ വി.എഫ്.പി.സി.കെ. യുടെ സ്വാശ്രയ കർഷക വിപണികൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷിരീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയെക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു. ഇത്തരത്തിൽ സംഭരിക്കുന്ന പഴം പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ വിവിധ സ്റ്റാളുകൾ വഴി പൊതുജനങ്ങൾക്ക് വിറ്റഴിക്കുകയും വിവിധ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ (സ്കൂളുകൾ, പോലീസ് ക്യാന്റീനുകൾ, ജയിൽ, ഹോസ്റ്റലുകൾ) വഴി വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. |
| (ബി) | അതിനായി ശാസ്ത്ര, സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നടത്തിയ ഇടപെടൽ വിശദമാക്കാമോ; | (ബി) | കർഷകരുടെ വിള, വിസ്തൃതി നടീൽ തീയതി എന്നീ വിവരങ്ങൾ AIMS (അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ് മെന്റ് സിസ്റ്റം ) പോർട്ടലിൽ രേഖപ്പെടുത്തുക വഴി വിളവെടുപ്പ സമയം/ ഉൽപ്പാദനം മുൻകൂട്ടി കണക്കാക്കുവാനും അതനുസരിച്ച് വിപണനപ്രക്രിയ സജ്ജീകരിക്കാനും സാധിക്കും. ഭാവിയിൽ ഈ ഡാറ്റാ ഉപയോഗിച്ച് മുൻ വർഷങ്ങളിൽ ഒരോ സമയത്തും ഉൽപ്പന്നങ്ങൾക്ക് ലഭിച്ച വില അടിസ്ഥാനമാക്കിയ പ്രൊഡക്ഷൻ പ്ലാൻ തയ്യാറാക്കാൻ സാധിക്കും. പഴം- |

| | | | |
|---|---|---|---|
| | | | പച്ചക്കറി അടിസ്ഥാന വില പദ്ധതിയിലും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിലും രജിസ്റ്റർ ചെയ്ത കർഷകർക്ക് പൊതു വിപണിയിൽ വില താഴ്ന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട പോർട്ടൽ മുഖേന അടിസ്ഥാന വിലയും, വിപണി വിലയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു.<br><br>കതിർ ആപ്പ് പൂർണ്ണമായും പ്രവർത്തന സജ്ജമാകുമ്പോൾ വിപണി ഇടപെടൽ കൂടുതൽ ഫലപ്രദമായി നടത്താവുന്നതാണ്. ഇതിനായി പ്രത്യേക മാർക്കറ്റിംഗ് മൊഡ്യൂൾ തയ്യാറാക്കി വരുന്നു. വി.എഫ്.പി.സി.കെ.യുടെ വെബ് സൈറ്റു വഴിയുള്ള ദൈനം ദിന വിപണി വില അപ്ഡേഷൻ വി.എഫ്.പി.സി.കെ.യുടെ വെബ് സൈറ്റു മുഖേന കേരളത്തിൽ ഉടനീളമുള്ള 14 പ്രധാന മാർക്കറ്റുകളിലെ 66 ഇനം പഴം പച്ചക്കറികളുടെ വില വിവരങ്ങൾ ദിവസേന അപ്ഡേറ്റ് ചെയ്യുന്നു. ഇത് കർഷകർക്ക് തങ്ങളുടെ വിളകളുടെ കേരളത്തിലുടനീളമുള്ള വില അറിയാനും അതനുസരിച്ച് വിപണനം നടത്തുന്നതിനും മെച്ചപ്പെട്ട വില ലഭിയ്ക്കുന്നതിനും സാധ്യമാകുന്നു. ടെലിഗ്രാം ചാനൽ വഴിയും ഈ വില നിലവാരം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ കൊച്ചി & മഞ്ചേരി എഫ്.എം വഴിയും പ്രസ്തുത വില നിലവാരം സംപ്രേക്ഷണം ചെയ്യുന്നുണ്ട്. |
| (സി) | കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിൽ നിന്നുള്ള വരുമാനം, അനുബന്ധ വരുമാനങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമാകാൻ നടത്തിയ ഇടപെടൽ വിശദമാക്കാമോ? | (സി) | കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, അനുയോജ്യമായ മൂല്യവർധന പ്രവർത്തനങ്ങൾ, വിപണനം ഉൾപ്പെടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്തു നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കാർഷിക ഉൽപ്പന്നങ്ങൾ ഉണക്കി സൂക്ഷിക്കുന്നതും, അതിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുമുള്ള സാങ്കേതിക വിദ്യകളും, ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളും കേരള കാർഷിക സർവകലാശാലയുടെ അഗ്രിബിസിനസ് ഇൻക്യൂബേഷൻ സെന്ററിൽ നിന്ന് നല്കി വരുന്നുണ്ട്. കാർഷിക ഉല്പന്നങ്ങൾക്ക് അനുയോജ്യമായ പാക്കിങും വിപണന സംവിധാനവും ഒരുക്കുന്നതിന്റെ ഭാഗമായി മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങും സംസ്ഥാന കൃഷി വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പിടുകയും, ആയതിന്റെ ഭാഗമായി |

തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും, കർഷകർക്കും, എഫ്.പി.ഒ.കൾക്കും, കർഷക ഗ്രൂപ്പുകൾക്കും, കൃഷിക്കൂട്ടങ്ങൾക്കും, രണ്ട് ദിവസം വീതമുള്ള പരിശീലന പരിപാടികൾ മുൻ വർഷങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്.
റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) ന്റെ കീഴിൽ 7 പ്രൈമറി പ്രോസസ്സിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഇവിടെ നിന്നും പ്രാഥമിക സംസ്കരണം കഴിഞ്ഞ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്തു വരുന്നു. കൂടാതെ അതിരപ്പള്ളിയിലും Attappadi Tribal Farmers Association for Millets (ATFAM) ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിലും, ചെറു ധാന്യങ്ങളുടെ സംസ്കരണശാല (Common Processing Center) പ്രവർത്തിച്ചു വരുന്നു. പോസ്റ്റ് ഹാർവെസ്റ്റ് & വാല്യൂ അഡിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ചേർത്തല തെക്ക് പഞ്ചായത്തിൽ ചെറു ധാന്യങ്ങളുടെ ഒരു സംസ്കരണശാല (Common Processing Center) ആരംഭിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ 105.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് ഹോർട്ടികോർപ്പിന് കീഴിൽ മൂന്നാറിൽ ഒരു സ്ട്രോബറി പ്രോസസിംഗ് യൂണിറ്റ്, തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ ഒരു ചിപ്സ് യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ മാവേലിക്കരയിൽ തേൻ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി ഒരു ഹണി പ്രോസസ്സിംഗ് സെന്ററും പ്രവർത്തിച്ചു വരുന്നു.

ഇത്തരത്തിൽ സംസ്ഥാനത്തെ കർഷകർ, കർഷക സംരംഭകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ), കർഷക ഉല്പാദക കമ്പനികൾ (എഫ്.പി.സി) മറ്റ് കർഷകകൂട്ടായ്മകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നിലവിൽ കൃഷി വകുപ്പിന്റെയും, ഹോർട്ടികോർപ്പിന്റെയും, വി.എഫ്.പി.സി.കെ.-യുടെയും മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള ഔട്ട് ലെറ്റുകൾ വഴി വിപണനം നടത്തുന്നതിലൂടെ കാർഷികോല്പന്നങ്ങൾക്കും 2023-24 വർഷത്തിൽ 14 ജില്ലകളിലുമായി സ്ഥാപിച്ചിട്ടുള്ള 15 കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, 14 ഫാം പ്ലാൻ പ്രീമിയം ഔട്ട് ലെറ്റുകൾ എന്നിവ വഴി

| | | | |
|---|---|---|---|
| | | | മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും വിപണനത്തിനായി കൂടുതൽ വിപണി ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ